**ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.**
**(ഹാജർ - ശിവദാസൻ.എം)**

വിഷയം:-ജലസേചനം-ജീവനക്കാര്യം-ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ജില്ലാ അടിസ്ഥാനത്തിൽ ക്ലർക്കായി സ്ഥാനകയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1) സ.ഉ.(സാധാ)നം.1/2014/ഉ.ഭ.പ.വ തിയതി 09-01-2014
2)സ.ഉ.(സാധാ)നം.21/2014/ഉ.ഭ.പ.വ തിയതി 19-07-2014
3)21/05/2024 തിയതിയിലെ ഐഎസി5-70544/2022

**ഉത്തരവ് നം. CEIA/2884/2024-B3 തീയതി 10-06-2024**

സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ Cadre Strength ന്റെ 10% ൽ അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ക്ലർക്ക് / എൽ.ഡി ടൈപ്പിസ്റ്റായി നിയമനം നൽകേണ്ടതാണെന്നും ആയതിലേയ്ക്കായി ക്ലർക്ക്/ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ആദ്യ ഒഴിവ് തസ്തികമാറ്റം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാറ്റി വയ്ക്കാനും തുടർന്ന് എൽ.ഡി ക്ലർക്ക് / എൽ.ഡി ടൈപ്പിസ്റ്റിന്റെ Cadre Strength ന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ ഈ പ്രക്രിയ തുടരണമെന്നും പരാമർശം (1) (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

ആയതിനാൽ സൂചന (3) അന്തിമ മുൻഗണന പട്ടിക പ്രകാരം താഴെ പറയുന്ന ഇടുക്കി ജില്ലയിലെ ജീവനക്കാരെ 26500-60700 രൂപാ ശമ്പള സ്കെയിലിൽ ക്ലർക്കിന്റെ തസ്തികമാറ്റം സ്ഥാനക്കയറ്റം വഴി നിയമനം നൽകി ഉത്തരവാകുന്നു.

| ക്ര മ നം | പേര് ,തസ്തിക,കാര്യാലയം | പെൻ നം | നിയമനം നൽകുന്ന കാര്യാലയം |
|---|---|---|---|
| 1. | സേവ്യർ ജോർജ്<br>ഓഫീസ് അറ്റൻഡന്റ്<br>മൈനർ ഇറിഗേഷൻ ഡിവിഷൻ കട്ടപ്പന | 475153 | മൈനർ ഇറിഗേഷൻ ഡിവിഷൻ കട്ടപ്പന |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ക്ലർക്കായി ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുമ്പ് സ്ഥാപന മേധാവികൾ താഴെ പറയുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

1. സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ
2. പേര്
3. ജനനതീയതി
4. പരിവീക്ഷണ കാലം പൂർത്തിയാക്കിയ തീയതി
5. എസ് എസ് എൽ സി പരീക്ഷ വിജയിച്ച സർട്ടിഫിക്കറ്റ്.

ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സേവനപുസ്തകത്തിൽ പ്രൊമോഷൻ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ക്ലർക്കായി ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം ഡ്യൂട്ടി പൂർത്തിയാക്കുന്ന വരെ നിരീക്ഷണകാലമായി കണക്കാക്കുന്നതാണ്,

ലോകസഭ ഇലക്ഷൻ പെരുമാറ്റചട്ടം നിലനിൽക്കുന്നതിനാൽ ഇലക്ഷൻ സംബന്ധിച്ച ഡ്യൂട്ടിയുള്ള ജീവനക്കാർ പ്രസ്തുത ഉത്തരവ് പാലിയ്ക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

വ്യക്തിക്ക്- വെബ് സൈറ്റ് മുഖാന്തിരം .

പകർപ്പ് - 1) എല്ലാ ചീഫ് എഞ്ചിനീയർമാർക്കും / സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും/എക്സിക്യൂട്ടീവ്എഞ്ചിനീയർമാർക്കും/ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/
2) ഐ.ടി സെൽ പ്രസിദ്ധീകരിണത്തിനായി നൽകുന്നു.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്